# ജർമ്മൻ കൊലക്യാമ്പ് സന്ദർശിച്ച് ജർമ്മൻ വനിതാ ചാൻസലർ

## ഫാ. ഡോ. കെ. എം. ജോർജ്

ഈ ഡിസംബർ മാസത്തിൽ (2019) ജർമ്മനിയുടെ ചാൻസലർ (നമ്മുടെ പ്രധാനമന്ത്രിക്കു തുല്യം) ആംഗലാ മെർക്കൽ പോളണ്ടിലെ കുപ്രസിദ്ധമായ ഔഷ് വിറ്റ്സ് - ബിർക്കിനാവ് കോൺസെൻട്രേഷൻ ക്യാമ്പ് സന്ദർശിച്ചു. ചാൻസലറായി 14 വർഷങ്ങൾ ജർമ്മനി ഭരിച്ച പ്രശസ്തയായ മെർക്കൽ ആദ്യമായിട്ടാണ് അഡോൾഫ് ഹിറ്റ്ലറുടെ നാറ്റ്സി (Nazi) ഭരണകാലത്ത് 60 ലക്ഷത്തോളം യഹൂദരെയും മറ്റും "അനാര്യന്മാ"രെയും കൊന്നൊടുക്കുന്നതിൽ പ്രധാന കേന്ദ്രമായിരുന്ന ഔഷ്വിറ്റ്സ് സന്ദർശിക്കുന്നത്.

1940–45 വർഷത്തിൽ മനുഷ്യചരിത്രത്തിലെ ഏറ്റവും ക്രൂരവും നീചവുമായ അധ്യായം സൃഷ്ടിച്ച തന്റെ സ്വന്തം ജർമ്മൻ ജനതയ്ക്കുവേണ്ടി, അവർ അവിടെ ക്ഷമ യാചിച്ചു. അവർ തുറന്നു പറഞ്ഞു: "ഈ കോൺസെൻട്രേഷൻ ക്യാമ്പ് ജർമ്മൻകാർ സൃഷ്ടിച്ചതും ജർമ്മൻകാർ നടത്തിക്കൊണ്ടു പോയതുമാണ്."

ഇപ്പോൾ ഔഷ്വിറ്റ്സ് ഒരു മ്യൂസിയമാണ്. അഞ്ചു വർഷത്തോളം അവിടെ നടന്ന അതിപൈശാചിക സംഭവങ്ങൾക്ക് മൂകസാക്ഷികളായിരുന്ന കെട്ടിടങ്ങളും ഇലക്ട്രിക് മുള്ളുവേലികളും ജർമ്മൻകാർ വളരെ 'ശാസ്ത്രീയമായും' അടുക്കോടും ചിട്ടയോടും കൂടി സംവിധാനം ചെയ്ത വിഷവാതക കൊലയറകളും പതിനായിരക്കണക്കിന് മൃതശരീരങ്ങൾ ചുട്ടെരിച്ചുകൊണ്ടിരുന്ന ചൂളകളും ഓരോ തടവുകാരനെയും കൊല്ലുന്നതിന് മുമ്പ് തയ്യാറാക്കിയിരിക്കുന്ന ചിത്രങ്ങളും ബയോഡേറ്റകളും എല്ലാം അതുപോലെ നിലനിർത്തിയിരിക്കുന്നു (1975–ലാണ് ഈ ലേഖകൻ ചില പോളീഷ് സുഹൃത്തുക്കളുടെ ക്ഷണമനുസരിച്ച് ഔഷ്വിറ്റ്സ് സന്ദർശിച്ചത്. അന്ന് രണ്ടാം ലോകയുദ്ധം അവസാനിച്ചിട്ട് 30 വർഷങ്ങളേ ആയിരുന്നുള്ളൂ. എന്നെ ക്ഷണിച്ച ഡോക്ടറും വൈദികനുമായിരുന്ന സുഹൃത്ത് ഹെൻറി ഹോസർ ഇന്ന് വാഴ്സോയിൽ കത്തോലിക്കാ സഭയിലെ ബിഷപ്പാണ്. അദ്ദേഹത്തിന്റെ പിതാവിനെ വാഴ്സോ നഗരത്തിലെ തെരുവിഥീയിൽ നാറ്റ്സികൾ വെടി വെച്ച് കൊന്നു. ഞാൻ ചെല്ലുമ്പോൾ അമ്മ ജീവിച്ചിരിപ്പുണ്ട്. യുദ്ധത്തിൽ പങ്കെടുത്തവരും മുറിവേറ്റവരും അംഗഭംഗം സംഭവിച്ചവരും അന്ന് യൂറോപ്യൻ രാജ്യങ്ങളിൽ ധാരാളം നമുക്ക് കാണാമായിരുന്നു. കോൺസെൻട്രേഷൻ ക്യാമ്പ് കണ്ടതോടെ എനിക്ക് ദിവസങ്ങളോളം ഉണ്ടായ മാനസികാഘാതവും മറ്റും ചില മുൻ ലേഖനങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.).



**Angela Merkel, Barack Obama and concentration camp survivor and writer Elie Wiesel at Daschau concentration camp.**

1977–ലാണ് ആദ്യമായി ഒരു ജർമ്മൻ ചാൻസലർ (ഹെൽമുട്ട് കോൾ) ഔഷ്വിറ്റ്സ് ക്യാമ്പ് കാണുന്നത്. ഹിറ്റ്ലറുടെയും നാറ്റ്സി (Nazi) ഭരണത്തിന്റെയും അവസാനത്തോടുകൂടി ജർമ്മൻ ജനതയ്ക്ക് കുറെ വെളിവുണ്ടായി. ലോകത്തിലെ ഏറ്റം സംസ്കാരസമ്പന്നതരും ശാസ്ത്രീയ-സാങ്കേതിക ശേഷിയുള്ളവരും എന്നഭിമാനിച്ചിരുന്ന ഒരു ജനതയാണ് ഹിറ്റ്ലറുടെയും അനുയായികളുടെയും നേതൃത്വത്തിൽ മനുഷ്യചരിത്രത്തിലെ ഏറ്റവും തമോജടിലമായ നാറ്റ്സിയുഗം സൃഷ്ടിച്ചത്. പിന്നീട് ജർമ്മൻ ജനതയിൽ ഒരു നല്ല പങ്ക് ആഴമേറിയ കുറ്റബോധവും പശ്ചാത്താപവും പ്രകടിപ്പിച്ചു. ഹിറ്റ്ലർ ആത്മഹത്യ ചെയ്തെങ്കിലും മറ്റ് പല നേതാക്കളും ലാറ്റിൻ അമേരിക്കയിലും മറ്റും ഒളിച്ചുപോയി. കിട്ടിയവരെ



**Angela Merkel at the Black Wall of Auschwitz camp where thousands were shot dead.**

യൊക്കെ പിടിച്ച് നൂറംബർഗ് വിസ്താരത്തിന് ഐക്യകക്ഷികൾ വിധേയരാക്കിയത് എല്ലാവർക്കും അറിയാവുന്ന ചരിത്രമാണ്.

ആംഗലാ മെർക്കലിന്റെ സന്ദർശനത്തെക്കുറിച്ച് ഈ കുറിപ്പെഴുതുവാൻ ചില കാരണങ്ങളുണ്ട്.

1. ഒരു കാലത്ത് ജർമ്മർ ജനതയിൽ ഒരു നല്ല പങ്കും വിശ്വസിക്കയും ആശ്രയിക്കയും ചെയ്ത ഹിറ്റ്ലർ എന്ന സ്വേഛാധികാരി ചെയ്തു കൂട്ടിയ കാര്യങ്ങൾ ഭീകരവും പൈശാചികവുമായ കുറ്റങ്ങളായിരുന്നു എന്ന് ജർമ്മൻ കാർ പിന്നീട് മനസ്സിലാക്കി. അതിന്റെ പ്രകടമായ മാപ്പു ചോദിക്കലും ലജ്ജയും ദുഃഖവുമാണ് ആംഗല എന്ന ജർമ്മൻ വനിതാ ചാൻസലർ ലോകത്തെ അറിയിച്ചത്.

2. കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ സമാനമായ ഒരു കാര്യം പഞ്ചാബിലെ ജാലിയൻവാലാബാഗിൽ നടന്നു. ആംഗ്ലിക്കൻ സഭയുടെ അധ്യക്ഷനും, ബ്രിട്ടിഷ് രാജാവിനെ (രാജ്ഞിയെ) കിരീടം ധരിപ്പിക്കുന്ന സ്ഥാനിയുമായ കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബി, ജാലിയൻവാലാബാഗിലെ കൊലക്കളത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ക്രൂരതകൾക്കു വേണ്ടി മാപ്പപേക്ഷിച്ചു. പക്ഷേ ജനറൽ ഡയർ ഈ മഹാ ക്രൂരത കാണിച്ച സമയത്തും അതിനുശേഷവും ബ്രിട്ടീഷ് ഭരണാധികാരികൾ ഖേദം പ്രകടിപ്പിക്കയോ ഇൻഡ്യൻ ജനതയോട് മാപ്പപേക്ഷിക്കയോ ചെയ്തില്ലെന്നു മാത്രമല്ല ഡയറിനെ ചിലർ അഭിനന്ദിക്കുകയും ചെയ്തു (ഇക്കാര്യം മറ്റൊരു ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്).

3. ആംഗലാ മെർക്കൽ ഈ സന്ദർശനം നടത്താൻ മറ്റൊരു രാഷ്ട്രീയ സാംസ്കാരിക കാരണവുമുണ്ട്. ഹിറ്റ്ലറിന്റെ ഇരുണ്ട അദ്ധ്യായം മറക്കാനും മറികടക്കാനും ജർമ്മൻ ജനത ആഗ്രഹിച്ചെങ്കിലും ഹിറ്റ്ലറിനെ ആരാധിക്കുന്ന ഒരു പ്രസ്ഥാനം നിയോ നാറ്റ്സികൾ (Neo Nazi) എന്ന പേരിൽ അവിടെ ഉയർന്നു വന്നു. ഇക്കൂട്ടർ ഇപ്പോൾ ശക്തി പ്രാപിക്കയാണ്. യൂദന്മാരോടും ഏഷ്യൻ-ആഫ്രിക്കൻ വംശജരോടും മറ്റും പൊതുവെ വർഗ്ഗ-വർണ്ണ വിവേചനം കാണിക്കുന്ന ഈ നവനാസികൾ ആക്രമാസക്തരും തീവ്രവലതുപക്ഷ വാദികളുമാണ് (ഇവരിൽ ചിലരുടെ രോഷം പൊതുസ്ഥലങ്ങളിൽ വച്ചു രണ്ടു പ്രാവശ്യം ഈ ലേഖകന് നേരിടേണ്ടി വന്നിട്ടുണ്ട്). ഇവരെ പിൻതുണയ്ക്കുന്ന രാഷ്ട്രീയ നേതാക്കളുണ്ട്. ഇപ്പോൾ നാം പശ്ചിമ യൂറോപ്പിൽ പൊതുവെ കാണുന്ന സ്വതന്ത്ര ജനായത്ത സെക്കുലർ ശൈലിയെല്ലാം മാറി ഫാസിസ്റ്റ്-നാസി രീതികൾക്ക് മേൽക്കൈ വന്നാൽ വീണ്ടും ലോകം വലിയ അക്രമം, അരാജകത്വം, യുദ്ധം എന്നിവയിലേക്ക് വലിച്ചിഴക്കപ്പെടും. ഇത്തരം തെറ്റായ നീക്കങ്ങൾക്ക് തടയിടാനും ജർമ്മൻ നാസികൾ നടത്തിയ വംശഹത്യയെ തള്ളിപ്പറഞ്ഞു ലോകത്തോടു ക്ഷമ ചോദിക്കാനുമാണ് മെർക്കൽ പോളണ്ടിലെത്തിയത്. എന്നാൽ ഇത് ജർമ്മനിയിലെ നിയോനാസികളുടെ വിദ്വേഷാഗ്നിക്ക് എണ്ണ പകരുമായിരിക്കും.




**At the entrance of the Auschwitz camp**

4. ഇന്ത്യയിൽ ഇപ്പോൾ അതിശക്തമായി ഉയർന്നുവരുന്ന മതാധിഷ്ഠിത രാഷ്ട്രീയവും മത-ദേശീയ സാംസ്കാരികതയും അന്തിമമായി നമ്മുടെ രാജ്യത്തിന്റെ പ്രസിദ്ധമായ വൈവിധ്യത്തിലെ ഏകത്വവും, മത സ്വാതന്ത്ര്യവും, പൗരാവകാശങ്ങളും നിഷേധിക്കുന്ന അവസ്ഥയിലേക്കാണ് നീങ്ങുന്നത്. 1986-89 കാലഘട്ടത്തിൽ ഞാൻ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ സീനിയർ സെക്രട്ടറിയായി ഡൽഹിയിൽ പ്രവർത്തിക്കുന്ന സമയത്ത് ഒരിക്കൽ ജനപഥിലെ ഒരു പുസ്തക കച്ചവടക്കാരൻ, അഡോൾഫ് ഹിറ്റ്ലറിന്റെ Mein Kampf (എന്റെ സമരം) എന്ന (കു)പ്രസിദ്ധമായ പുസ്തകം - ആത്മകഥയും നാസിപാർട്ടിയുടെ മാനിഫെസ്റ്റോയും ചേർന്നത് - വെറും 5 രൂപയ്ക്ക് വിൽക്കുന്നത് കണ്ടു. വംശീയ വിദ്വേഷത്തിന്റെ വിഷം പുരട്ടിയ ആ പുസ്തകം ആര് എന്തിന് ഇത്രയും വില കുറച്ച് നമ്മുടെ രാജ്യത്ത് അച്ചടിച്ച് വിൽക്കുന്നു എന്ന ചോദ്യം മനസ്സിനെ ആഴത്തിൽ അലോസരപ്പെടുത്തി. കഴിഞ്ഞ മുപ്പതു വർഷങ്ങൾക്കിടയിൽ ചോദ്യങ്ങൾക്ക് ഉത്തരം തെളിഞ്ഞു വന്നു. നമ്മുടെ മാതൃരാജ്യത്തിന്റെ ഭാവിയെക്കുറിച്ചുള്ള കനത്ത ഭീതിയാണ് ആ ഉത്തരത്തെ പൊതിഞ്ഞു നിൽക്കുന്നത്.

5. ചരിത്രം നമ്മെ പഠിപ്പിക്കുന്ന ഒരു വലിയ പാഠം കാന്റർബറി ആർച്ച്ബിഷപ്പ് ജസ്റ്റിൻ വെൽബിയുടെയും ജർമ്മൻ ചാൻസലർ ആംഗല മെർക്കലിന്റെയും പ്രതീകാത്മമകമായ ശരീരഭാഷയിലും വാക്കുകളിലും പ്രത്യക്ഷപ്പെട്ടത് നാം അവഗണിക്കരുത്. അനീതിയിൽ പടുത്തുയർത്തിയ സാമ്രാജ്യമോഹം - ബ്രിട്ടീഷുകാരന്റെയാണെങ്കിലും ജർമ്മൻക്കാരന്റെയാണെങ്കിലും - ലോകത്തിൽ എത്രനാൾ അധീശത്വം പുലർത്തിയാലും അതിന്റെ പിൻഗാമികൾ എപ്പോഴെങ്കിലും ആത്മലജ്ജയോടും വലിയ കുറ്റബോധത്തോടും കൂടി മനുഷ്യവർഗ്ഗത്തോട് പശ്ചാത്താപത്തോടെ ക്ഷമ ചോദിക്കേണ്ട കാലം വരും.

തീവ്രവാദങ്ങളിലേക്ക് ചെറുപ്പക്കാരെയും അണികളെയും തള്ളിവിടുന്ന നേതാക്കന്മാർ, അവർ രാഷ്ട്രീയ നേതാക്കളാണെങ്കിലും മതാദ്ധ്യക്ഷന്മാരാണെങ്കിലും മനുഷ്യഹത്യ നടത്തുകയാണ്. തൽക്കാലം അവർക്ക് ജയ് വിളികളും പുഷ്പഹാരങ്ങളും ജനങ്ങളുടെ ആർപ്പുവിളികളും കിട്ടും. അവരുടെ സ്ഥാനവും അധികാരവും ഉറപ്പിക്കാനായി യുവജനങ്ങളെ അവർ താൽക്കാലിക ഉപകരണമായി ഉപയോഗിച്ചാൽ ചരിത്രം അവരോട് ക്ഷമിക്കയില്ല.

ദൈവത്തിന്റെയോ മതത്തിന്റെയോ ദേശീയതയുടെയോ വിശ്വാസപ്രമാണത്തിന്റെയോ പേരിൽ അക്രമം കാണിച്ച് മനുഷ്യരുടെ രക്തം ചൊരിയിക്കാൻ ലോകത്തിൽ ഒരു ഭരണാധികാരിക്കും ഒരു ആദ്ധ്യാത്മികാ ചാര്യനും അവകാശമില്ല. ദൈവത്തിന്റെ മനോഹരമായ സൃഷ്ടിയെയും അതിശ്രേഷ്ഠമായ മനുഷ്യജന്മത്തെയും അവഹേളിക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും നടത്തുന്ന എല്ലാ ശ്രമങ്ങളെയും നന്മ കൊണ്ടും മനുഷ്യകൂട്ടായ്മ കൊണ്ടും ശുദ്ധമായ മനുഷ്യസൗഹൃദം കൊണ്ടും നാം പരാജയപ്പെടുത്തണം.